ധകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സ്റ്റോർ പർച്ചേസിലേക്ക് റൂൾ അനുസരിച്ചുള്ള പർച്ചേസ് നടത്തുന്നുവെന്ന് ഉറപ്പ് വരുത്താനായി സ്റ്റോർ പർച്ചേസ് വകുപ്പിലെ രണ്ട് ഇൻസ്പെക്ഷൻ ടീമുകൾ സർക്കാർ ഓഫീസുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും കാലാകാലങ്ങളിൽ പരിശോധന നടത്തിവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ 'റേറ്റ് കോൺട്രാക്റ്റുകൾ' യഥാസമയം എല്ലാ വകുപ്പദ്ധ്യക്ഷൻമാരേയും സ്വയംഭരണ, പൊതുമേഖലാ സഹകരണ സ്ഥാപന മേധാവികളേയും അറിയിക്കാറുണ്ട്. കൂടാതെ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളെ അറിയിക്കുന്നതിനായി എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും അയച്ചുകൊടുക്കുന്നുണ്ട്. സ്റ്റോർ പർച്ചേസ് മാനുവൽ ഗവൺമെന്റ് പ്രസിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. മാനുവൽ ഇതുവരെയുള്ള ഭേദഗതികൾ ചേർത്ത് 1000 കോപ്പി അച്ചടിക്കുന്നതിന് 26.10.1998 -ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്റ്റോർ പർച്ചേസ് മാനുവൽ പരിഷ്കരിക്കുന്നതിന് 20.12.97-ൽ ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) മലയാളത്തിൽ ലഭ്യമല്ല.

(ഇ) റേറ്റ് കോൺട്രാക്റ്റ് ഉത്തരവുകളുടെ പകർപ്പുകൾ ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസിന് യഥാസമയം അയച്ചു കൊടുക്കുന്നുണ്ട്.

(എഫ്) ലിസ്റ്റ് സാധാരണയായി പ്രസിദ്ധീകരിക്കാറില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1450) സ്വകാര്യ നിക്ഷേപം

ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യനിക്ഷേപം കൂട്ടേണ്ടതിനെപ്പറ്റി സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര കോടിരൂപ സ്വകാര്യ നിക്ഷേപമായി കണ്ടെത്താനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഇതിൽ എത്ര നേട്ടം കൈവരിക്കാനായിട്ടുണ്ടെന്നും ഓരോ സാമ്പത്തിക വർഷത്തിന്റെയും അടിസ്ഥാനത്തിൽ വിശദമാക്കുമോ?

(സി) ഈ കാലയളവിൽ സ്വകാര്യ നിക്ഷേപം മൂലം ഏതൊക്കെ പദ്ധതികൾക്ക്/സ്ഥാപനങ്ങൾക്ക് തുടക്കമിടാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനും സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്കിടയിൽ ഇന്നനുഭവ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങളുടെ വികസനം, വ്യവസായം ഉൾപ്പെടെയുള്ള ഉത്പാദന മേഖലകൾ എന്നിവയിൽ വൻതോതിലുള്ള മുതൽ മുടക്ക് ആവശ്യമാണ്. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നിക്ഷേപം കൊണ്ടുമാത്രം ഇതിനു കഴിയുകയില്ല ആയതിനാൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മുഖ്യ വികസന മേഖലകളിൽ സ്വകാര്യ നിക്ഷേപം പരമാവധി വർദ്ധിപ്പിക്കുക എന്നതാണ് ഈ സർക്കാരിന്റെ നിലപാട്.

(ബി) ഈ സർക്കാർ രൂപം നൽകിയ ഒൻപതാം (9-ാം) പഞ്ചവൽസര പദ്ധതിയനുസരിച്ച്, പദ്ധതിക്കാലത്ത് (1997-2002) സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിൽ (എസ്.ഡി.പി) ഏഴുശതമാനം വളർച്ച നേടാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ വളർച്ചാ നിരക്ക് കൈവരിക്കുന്നതിനായി മൊത്തം 52,000/- കോടിരൂപയുടെ മുതൽ മുടക്ക് വേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ട്. ഇതിൽ 28,900 കോടി രൂപ സ്വകാര്യ നിക്ഷേപമായി സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നാൽ ഇതുവരെ ഉണ്ടായിട്ടുള്ള നിക്ഷേപം എത്രയെന്ന് കണക്കാക്കിയിട്ടില്ല.

(സി) വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

2 (1451) വിവിധയിനങ്ങളിൽ ലഭിക്കുവാനുള്ള നികുതി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാദായ നികുതി, വിൽപ്പന നികുതി, എക്സൈസ്, രജിസ്ട്രേഷൻ, ഭൂനികുതി, മോട്ടോർ വാഹനനികുതി എന്നിവയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം എന്തുതുകയുടെ വരുമാനം സംസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ കഴിയാതെ എന്തുതുക സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ട്;

(സി) കൃത്യമായി നികുതി അടയ്ക്കാത്തതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഈ ഇനത്തിൽ 1997-98 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ നികുതി വരുമാനം സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ട്;

(ഇ) ഇത് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 1998-99 ലെ യഥാർത്ഥകണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) സമയബന്ധിതമായി പിരിച്ചെടുക്കാത്തതിനാൽ നഷ്ടമൊന്നും സംഭവിക്കത്തില്ല.

LIBRARY ARCHIVES Kerala Legislative Assembly